പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4549

04.02.2014 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമവും റേഷൻ സംവിധാനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള റേഷൻ രീതിയിൽ എന്തെല്ലാം മാറ്റങ്ങൾ വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ എ.പി.എൽ., എ.പി.എൽ.(എസ്.എസ്), ബി.പി.എൽ., എ.എ.വൈ., അന്നപൂർണ്ണ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും റേഷൻ വിതരണം നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ നിയമപ്രകാരം മുൻഗണനാ വിഭാഗം, പൊതുവിഭാഗം എന്നിങ്ങനെ 2 വിഭാഗമാണ് ഉള്ളത്. ഭക്ഷ്യസുരക്ഷാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിൽപെടുന്ന ഒരു വ്യക്തിക്ക് കിലോ ഗ്രാമിന് 3 രൂപ നിരക്കിൽ അരി, 2 രൂപ നിരക്കിൽ ഗോതമ്പ്, 1 രൂപ നിരക്കിൽ മറ്റ് ഭക്ഷ്യധാന്യം എന്ന നിരക്കിൽ പ്രതിമാസം 5 കിലോഗ്രാം ഭക്ഷ്യധാന്യം ലഭിക്കുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന എ.എ.വൈ. വിഭാഗത്തിന് 35 കി.ഗ്രാം ഭക്ഷ്യധാന്യം തുടർന്നും ലഭിക്കുന്നതാണ്. |
| (ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത എത്ര ശതമാനം ജനങ്ങളുണ്ട്; ഇവർക്ക് നിലവിലുണ്ടായിരുന്നതുപോലെ റേഷൻ തുടർന്നും നൽകാൻ സാധ്യമാകുമോ; ഇല്ലെങ്കിൽ കാരണമെന്ത്; ഇത് നിലവിലുള്ളത് പോലെ തുടരുന്നതിന് പ്രതിവർഷം എന്തു തുക ചെലവഴിക്കേണ്ടതായി വരും? | (ബി) 2011 ലെ സെൻസസ് വിവരങ്ങൾ അടിസ്ഥാനമാക്കിയാൽ സംസ്ഥാനത്തെ ജനസംഖ്യ 333.877 ലക്ഷം ജനങ്ങൾ ആണ്. ഇതിൽ 154.8 ലക്ഷം പേർ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്ന മുൻഗണനാ വിഭാഗത്തിൽപ്പെടുന്നു. കേരള സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 53.64% പേർ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. മുൻഗണനാ വിഭാഗത്തിൽ പെടാത്ത ജനവിഭാഗങ്ങൾക്ക് പ്രതിമാസം ഇപ്പോൾ കൊടുത്തു വരുന്ന കാർഡൊന്നിന് 10 കി.ഗ്രാമിനു പകരം കാർഡൊന്നിന് ഏകദേശം 8 കി.ഗ്രാം ഭക്ഷ്യധാന്യം നൽകാൻ കഴിയും. അലോട്ട്മെന്റ് തികയാത്തതിനാലാണ് നിലവിലുള്ള അതേ അളവിൽ ഭക്ഷ്യധാന്യം നൽകാൻ കഴിയാത്തത്. നിലവിലത്തെ അതേ നിരക്കിൽ നൽകണമെങ്കിൽ എന്തു തുക ചെലവഴിക്കേണ്ടി വരും എന്നത് കേന്ദ്രം ഏത് നിരക്കിൽ ആണ് പൊതുവിഭാഗത്തിനുള്ള ഭക്ഷ്യധാന്യം അനുവദിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. അതിനാൽ എന്ത് തുക ചെലവഴിക്കേണ്ടി വരും എന്ന് ഇപ്പോൾ വ്യക്തമാക്കാൻ കഴിയുകയില്ല. |
| (സി) ഇവർക്കുള്ള റേഷൻ എ.പി.എൽ. വിലയ്ക്ക് നൽകണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റ് പരിപൂർണ്ണമായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; കേന്ദ്രഗവൺമെന്റിന്റെ നിലപാട് വിശദമാക്കാമോ? | (സി) ഇതുസംബന്ധിച്ച് തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ